KIFA
**Relook**
Monthly Newsletter

Vol. 01
January 2024



# ചെയർമാന്റെ സന്ദേശം

കേരളത്തിലെ കാർഷികമേഖല അത്യന്തം ഭീതിജനകമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ കാർഷികമേഖലയുടെ നാവായും കാവലാളായും പ്രവർത്തിക്കുന്ന കിഫയുടെ പ്രവർത്തനങ്ങൾ കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഓരോ മാസത്തേയും കിഫയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ട് **KIFA Relook** എന്ന പേരിൽ ഒരു ന്യൂസ് ലെറ്റർ പുറത്തിറക്കുകയാണ്. **KIFA Relook** ആദ്യത്തെ എഡിഷൻ 2024 ജനുവരി മാസത്തെ കിഫയുടെ പ്രവർത്തനങ്ങളുമായി പുറത്തിറങ്ങുകയാണ്.

നിസ്സഹായരായ ഇരകളിൽ നിന്ന് അവകാശബോധമുള്ള പൗരന്മാരായി കർഷക സമൂഹം മാറേണ്ടിയിരിക്കുന്നു. ഈ മാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുന്ന കിഫയുടെ പ്രവർത്തനങ്ങൾക്ക് **KIFA Relook** ഒരു മുതൽക്കൂട്ടാവും എന്ന് പ്രതീക്ഷിക്കുന്നു. ഈ ന്യൂസ് ലെറ്റർ PDF ഫോർമാറ്റിൽ ഓൺലൈൻ ആയിട്ടാണ് നമ്മൾ പുറത്തിറക്കുന്നത്. ഇതിനു പ്രിൻറ് എഡിഷൻ ഉണ്ടായിരിക്കുന്നതല്ല. നമ്മുടെ ന്യൂസ് ലെറ്റർ പരമാവധി ആളുകളിലേക്ക് എത്തിക്കാൻ കിഫയുടെ എല്ലാ പ്രവർത്തകരും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അലക്സ് ഒഴുകയിൽ**
ചെയർമാൻ, കിഫ

## ഉള്ളടക്കം

ജില്ലാവാർത്തകൾ
കിഫയും മാധ്യമങ്ങളും
തുടർക്കഥയായി വന്യമൃഗശല്യം
ഷൂട്ടേഴ്സ് ക്ലബ്ബ്
തലസ്ഥാന വിശേഷം
ചരമം

# ജില്ലാ വാർത്തകൾ

**എറണാകുളം**

01 - January

എറണാകുളം ജില്ലയിലെ വേങ്ങൂർ പഞ്ചായത്തിൽ LLC രൂപീകരണ യോഗം മേക്കപ്പാലയിൽ നടന്നു. യോഗത്തിൽ DLC പ്രസിഡന്റ് സിജുമോൻ ഫ്രാൻസിസ്, വൈസ് പ്രസിഡന്റ് റോയി എബ്രഹാം മാളിയേക്കൽ, നിയോജകമണ്ഡലം സെക്രട്ടറി ജോബിൻ ജോസഫ് എന്നിവർ പങ്കെടുത്തു.

**ഇടുക്കി**

08 - January

ഇടുക്കി ജില്ലയിൽ മൂന്നാർ സബ് ഡിവിഷൻ പരിധിയിൽ ഉള്ള മാങ്കുളം നിവാസികൾക്കെതിരെ നടക്കുന്ന ക്രിമിനൽ ഗൂഢാലോചനയും പോലീസ് നടപടിയും അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ചീഫ് മിനിസ്റ്റർ, ഇടുക്കി SP, ADGP – Law & Order, എന്നിവർക്ക് ഇ മെയിൽ ക്യാമ്പയിൻ ആരംഭിച്ചു.

**എറണാകുളം**

01 - January

കുട്ടമ്പുഴ പഞ്ചായത്തിൽ പൂയംകുട്ടി പൂഞ്ഞാർ പടിയിൽ വെയിറ്റിംഗ് ഷെഡിനോട് ചേർന്ന് അപകടാവസ്ഥയിൽ വനത്തിൽ നിൽക്കുന്ന വലിയ ഉണങ്ങിയ മരം വെട്ടി മാറ്റുന്നതിന് വേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലും പഞ്ചായത്തിലും പരാതി കൊടുത്തിട്ട് നടപടി ഉണ്ടാകാത്തിനെ തുടർന്ന് ജില്ലാ കളക്ടറിൽ നിന്നും മരം വെട്ടി മാറ്റുന്നതിനുള്ള ഓർഡർ സ്വീകരിച്ചുവെങ്കിലും ഉത്തരവ് നടപ്പാക്കാത്തതിനെ തുടർന്ന് കോടതിയിൽ നിന്ന് ഉത്തരവ്  വാങ്ങിക്കൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനെ കൊണ്ട് മരം വെട്ടി മാറ്റിച്ചു. ഇതിന്റെ പിന്നിൽ നാൾ ഇതുവരെ പ്രവർത്തിച്ചത് കിഫ കമ്മ്യൂണിക്കേഷൻ അംഗം സിന്റോ ജോൺ ചെറപറമ്പിൽ ആണ്.

**പാലക്കാട്**

05 - January

പാലക്കാട് ജില്ലയിലെ അയിലൂർ, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടിയില്ല എന്നാരോപിച്ച് കിഫയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രതിഷേധയോഗം കിഫ റിസർച്ച് വിങ് മേധാവി ഡോ. സിബി സക്കറിയാസ് ഉത്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി അബ്ബാസ് ഒറവഞ്ചിറ, ജില്ല ട്രഷറർ രമേശ് ചേവക്കുളം, ജില്ലാ കമ്മിറ്റി അംഗങ്ങളായ ബെന്നി, ബിനു തോമസ്, പി. ജെ. എബ്രഹാം, സോമൻ കൊമ്പനാൽ, ബാബു, സണ്ണി, റെനി എന്നിവർ പ്രസംഗിച്ചു.

**വയനാട്**

14 - January

വയനാട്ടിൽ കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ ജനുവരി 14 ന് രണ്ട് പൊതുയോഗങ്ങളിൽ പങ്കെടുത്തു. ഉച്ചയ്ക്ക് 1.15 ന് സുൽത്താൻ ബത്തേരിയിൽ ഐസക്ക് റീജൻസി ഹോട്ടലിലും, നാലുമണിക്ക് വാകേരിയിലും ആണ് പൊതുയോഗങ്ങൾ സംഘടിപ്പിച്ചത്.



**ഇടുക്കി**

17 - January

നിർമാണ നിരോധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉണ്ടായ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഭൂപതിവ് നിയമം 2023 ൽ ഭേദഗതി ചെയ്ത് ആയത് നിയമം ആക്കുവാൻ ബഹു. ഗവർണർക്കു മുൻപാകെ സമർപ്പിച്ചിരിക്കുകയാണ്. ഈ ഭേദഗതി കൊണ്ട് ഇടുക്കി ഉൾപ്പെടെയുള്ള ജില്ലകളിലെ ഭൂപ്രശ്നം ശ്വാശ്വതമായി പരിഹരിച്ചെന്ന് ഇടതുപക്ഷം വ്യാപക പ്രചാരണം നടത്തുകയാണ്. ഇത് ഈ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ "ഭൂനിയമ ഭേദഗതിയുടെ കാണാപ്പുറങ്ങൾ" എന്ന വിഷയത്തിൽ കട്ടപ്പന ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കട്ടപ്പന പ്രസ് ക്ലബ് ഹാളിൽ 2024 ജനുവരി 11 നടന്ന സെമിനാറിൽ കിഫ ജില്ലാ പ്രസിഡന്റ് ബബിൻ ജെയിംസ് വിഷയം അവതരിപ്പിച്ചു സംസാരിക്കുകയും സെക്രട്ടറി ഫെഡിൻ മാത്യു പങ്കെടുക്കുകയും ചെയ്തു.

**ഇടുക്കി**

22 - January

ചിന്നക്കനാലിലെ നിയമവിരുദ്ധ വന വിജ്ഞാപനം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കുള്ള പരാതി പ്രളയം. കിഫ ഇമെയിൽ ക്യാമ്പയിൻ.

**തൃശൂർ**

25 - January

**ജനകീയ പ്രതിഷേധ കൂട്ടായ്മ**

25.01.24 വ്യാഴം രാവിലെ 11 മണിക്ക് അതിരപ്പിള്ളി പഞ്ചായത്തിൽ നിരന്തരമായ വന്യജീവി ശല്യത്തിൽ പൊറുതിമുട്ടിയ പ്രദേശവാസികൾ സംഘടിപ്പിച്ച ജനകീയ പ്രതിഷേധ കൂട്ടായ്മയിൽ കിഫ പ്രതിനിധികളും നാട്ടുകാരും പങ്കെടുത്തു. കിഫ ജില്ലാ പ്രസിഡന്റ് ശ്രീ. ജോസ് വർക്കി ഉത്ഘാടനം ചെയ്ത യോഗത്തിൽ ശ്രീ. ശശീന്ദ്രൻ, കിഫ കോടശ്ശേരി പ്രസിഡന്റ് ശ്രീ. പീയൂസ് എന്നിവർ ആശംസയും അറിയിച്ചു. ദിലിക് ദിവാകരൻ നന്ദിയും പറഞ്ഞു. നാളിതുവരെ നിരവധി പരാതികൾ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നൽകിയിട്ടും, ജനങ്ങളുടെ ജീവനും

സ്വത്തിനും സംരക്ഷണം നൽകേണ്ടവരുടെ ഭാഗത്ത് നിന്ന് ഒരുതരത്തിലുള്ള പരിഹാരനടപടികളും ഉണ്ടാവുന്നില്ല എന്നുമാത്രമല്ല, തികഞ്ഞ അവഗണനയുമാണ് ഈ വിഷയത്തിൽ നിലനിൽക്കുന്നത്.




**കോട്ടയം**

25 - January

കോരുത്തോട് ജനവാസ മേഖലയിൽ ശബരിമലയിൽ നിന്നു പിടിച്ച കാട്ടുപന്നികളെ ഇറക്കിവിട്ട കേസിൽ 25/1/24 ൽ മനുഷ്യാവകാശ കമ്മീഷന്റെ കോട്ടയം സിറ്റിംഗിൽ കിഫയെ പ്രതിനിധീകരിച്ച് കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് വിദ്യാധരൻ കൊച്ചുപറമ്പിൽ, സെക്രട്ടറി സണ്ണി വെട്ടുകല്ലേൽ, എക്സിക്യൂട്ടിവ് അംഗം ജോഷി പൂവക്കുളം എന്നിവർ പങ്കെടുത്തു.

**കോഴിക്കോട്**

17 - January

തലയാട് ചുരത്തോട്ടിൽ കാട്ടാനക്കൂട്ടം ഇറങ്ങി വ്യാപകകൃഷി നാശം. ടാപ്പിംഗിന് പാകമായ മൂവായിരത്തോളം റബർ മരങ്ങൾ, തെങ്ങ്, കുരുമുളകു വള്ളികൾ തുടങ്ങിയവ നശിപ്പിച്ചതിൽ പെടുന്നു. ഒരു പ്രദേശത്ത് മാത്രമായി ഇത്രയും കൂടുതൽ കൃഷി നശിപ്പിച്ചത് അപൂർവ്വമാണ്. ജില്ലാ പ്രസിഡണ്ട് മനോജ് കുംബ്ലാനി , സെക്രട്ടറി ബിനോയ് പെരിഞ്ചല്ലൂർ, സിബി എട്ടിയിൽ, രാജേഷ് ചുവപ്പുങ്കൽ, റൈജു കട്ടിക്കാന തുടങ്ങിയവർ

സ്ഥല ഉടമകളോടൊപ്പം പ്രസ്തുത പ്രദേശം സന്ദർശിച്ചു.

24 ന്യൂസ് ചാനലിൽ, "പൊതുജനം കഴുതയല്ല സർ", എന്ന പരിപാടിയിൽ സംഭവം സംപ്രേഷണം ചെയ്യുകയും ചെയ്തു.



# കിഫയും മാധ്യമങ്ങളും

17 - January

**ജില്ലാ കളക്ടർ രേണു രാജ് വയനാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കരുത്: കിഫ**

വയനാട്ടിലെ കടുവ പ്രശ്നവുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ വിളിച്ചു ചേർത്ത യോഗത്തിൽ വച്ച് കടുവാശല്യം അനുഭവിക്കുന്ന പ്രദേശത്തെ ജനങ്ങളെ അപഹസിക്കുന്ന രീതിയിൽ വനം വകുപ്പ് പറഞ്ഞുകൊടുത്ത കള്ളക്കഥ മാത്രം വിശ്വസിച്ചു കൊണ്ട് പ്രസ്താവന ഇറക്കിയ വയനാട് കളക്ടറുടെ നടപടിക്കെതിരെ കിഫയുടെ പ്രസ് റിലീസ്

# തുടർക്കഥയായി വന്യമൃഗശല്യം

15 - January

വനം വകുപ്പിന്റെ ക്യാമറകൾ കണ്ണടയ്ക്കുമ്പോൾ കിഫയുടെ ക്യാമറകൾ സത്യം പറയുന്നു. വയനാട്ടിൽ കടുവ പന്നിഫാമിൽ നിന്നു പന്നിയെ പിടിക്കുന്ന ദൃശ്യങ്ങൾ കിഫയുടെ ക്യാമറയിൽ പതിഞ്ഞു.

20 - January

20.1.24ന് പുൽപ്പള്ളി ചാമപ്പാറ പ്ലാവനക്കുഴി ജോണിന്റെ പശുവിനെ കടുവ ആക്രമിച്ച സംഭവത്തിൽ, വയനാട് ജില്ലാ പ്രസിഡണ്ട് ജോൺ നാമല, സൈലേന്ദ്ര പ്രസാദ്, നാരായണൻ, വിനയരാജ് തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.



11 - January

11/1/24 ൽ പൂയംകുട്ടിയിൽ ബെന്നി വർഗീസ് എന്ന റബ്ബർ ടാപ്പിംഗ് തൊഴിലാളിയെ കാട്ടാന ആക്രമിച്ച് മൃതപ്രായനാക്കിയതിൽ പ്രതിഷേധിച്ച് വമ്പിച്ച പൊതുജന പ്രതിഷേധയോഗം കുട്ടൻപുഴയിൽ നടന്നു. അതിൽ കിഫ എറണാകുളം ജില്ലാ പ്രസിഡണ്ട് സിജുമോൻ ഫ്രാൻസിസ് പ്രസംഗിച്ചു.



# ഷൂട്ടേഴ്സ് ക്ലബ്ബ്

17 - January

കാട്ടുപന്നി ശല്യം രൂക്ഷമായിരുന്ന കുറ്റ്യാടി, വേളം പഞ്ചായത്തുകളിൽ, ഷൂട്ടേഴ്സ് ക്ലബ്ബ് വേട്ട നടത്തി. ഷൂട്ടേഴ്സ് ക്ലബ്ബ് കോർഡിനേറ്റർ ജോർജ് ജോസഫിന്റെ നേതൃത്വത്തിൽ പതിനഞ്ചംഗ സംഘമാണ് മൂന്നു വേട്ടനായ്ക്കളുടെ സഹായത്തോടെ പന്നിവേട്ട നടത്തിയത്. നാലു കാട്ടുപന്നികളെ സംഘം വെടിവച്ചു കൊലപ്പെടുത്തി. കുറ്റ്യാടി പഞ്ചായത്തു ഭരണസമിതി അംഗങ്ങളും പങ്കെടുത്തു.



# തലസ്ഥാന വിശേഷം

16 - January

നെല്ല് സംഭരണത്തിനായി ബഡ്ജറ്റിൽ റിവോൾവിങ് ഫണ്ട് വകയിരുത്തണം എന്ന് ആവശ്യപ്പെട്ട് കേരളാ നെൽകർഷക സമിതിയുടെയും പാലക്കാട് കർഷക സംരക്ഷണ സമിതിയുടെയും നേതൃത്വത്തിൽ 16.01.24 ൽ സെക്രട്ടറിയേറ്റിൽ നടത്തിയ ധർണ്ണയിൽ KIFA യെ പ്രതിനിധീകരിച്ച് പാലക്കാട് ജില്ലാ സെക്രട്ടറി അബ്ബാസ് ഒറവഞ്ചിറ പങ്കെടുത്തു.

# അധികൃതരുടെ നിസ്സംഗതയ്ക്ക് സ്വന്തം ജീവൻ വിലയായി നൽകേണ്ടിവന്നവർ



January 2024

**വയനാട്**

| | | |
|---|---|---|
| ലക്ഷ്മണൻ | 31.01.2024 | ആന ആക്രമണം |

**കോഴിക്കോട്**

| | | |
|---|---|---|
| ജിനേഷ് | 16.01.2024 | കാട്ടുപന്നിയുടെ ഇര |

**മലപ്പുറം**

| | | |
|---|---|---|
| പി ആർ ഗോപാലകൃഷ്ണൻ | 13.01.2024 | കടന്നൽ ആക്രമണം |

**ഇടുക്കി**

| | | |
|---|---|---|
| പരിമളം | 08.01.2024 | ആന ആക്രമണം |
| പോൾ രാജ് | 24.01.2024 | ,, |
| സൗന്ദർരാജ് | 26.01.2024 | ,, |